(2) കേന്ദ്ര സാമ്പത്തിക നയത്തിന്റെയും ഇറക്കുമതി നയത്തിന്റെയും, ഫലമായി സംസ്ഥാനത്തെ തോട്ടം മേഖല നേരിടുന്ന ബുദ്ധിമുട്ടുകൾ

ശ്രീ. കെ. പി. രാജേന്ദ്രൻ : സർ, നമ്മുടെ രാജ്യത്തെ വിവിധ മേഖലകളിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പുത്തൻ സാമ്പത്തിക നയത്തിന്റെയും ആഗോളവൽക്കരണത്തിന്റെയും ഫലമായി കാർഷിക, വ്യാവസായിക, തൊഴിൽ മേഖലകൾ തകരുന്ന ഗുരുതരമായ സ്ഥിതിവിശേഷം ഉളവായിരിക്കുന്നു. ഈ പ്രതിസന്ധി ഓരോ ദിവസം കഴിയുന്തോറും കൂടുതൽ കൂടുതൽ ശക്തിപ്പെടുകയാണ്. കോൺഗ്രസ് ഗവൺമെന്റ് തുടങ്ങിവച്ചതും ബി.ജെ.പി. സർക്കാർ തീവ്രമായി നടപ്പിലാക്കിക്കൊണ്ടിരിക്കുന്നതുമായ ഈ നയത്തിന്റെ ഫലമായി കാർഷിക മേഖല ഒട്ടാകെ തകർന്നുകഴിഞ്ഞു. അതിന്റെ ഏറ്റവും വലിയ കെടുതി അനുഭവിക്കുന്നത് കേരളീയരാണ്. സ്വാതന്ത്ര്യാനന്തര കാലഘട്ടത്തിൽ പൊതുമേഖലയെ ശക്തിപ്പെടുത്തുക്കയെന്ന നമ്മുടെ ദേശീയനയം പിച്ചിച്ചീന്തപ്പെട്ടു കഴിഞ്ഞു. വമ്പിച്ച തോതിൽ തൊഴിലാളികൾ പിരിച്ചുവിടപ്പെട്ടുകൊണ്ടിരിക്കുന്നു. കാർഷിക മേഖലയിലെ തകർച്ചമൂലം സാമ്പത്തികരംഗം അനുദിനം വഷളായി കൊണ്ടിരിക്കുന്നു. നാളികേരം, റബ്ബർ, തേയില, കാപ്പി തുടങ്ങിയ കേരള ഉല്പന്നങ്ങളും നാണ്യവിളകളും വില തകർച്ചയെ നേരിടുകയാണ്. ഇന്ത്യയിലെ അസംസ്കൃത റബ്ബർ ഉല്പാദനത്തിന്റെ 85 ശതമാനവും കേരളത്തിലാണ്. ഏലത്തിന്റെ സ്ഥിതിയും ഇതിൽനിന്നും വ്യത്യസ്തമല്ല. കാപ്പിയുടെ ഉല്പാദനം 40 ശതമാനവും തെക്കേ ഇന്ത്യയിൽതന്നെ തേയിലയുടെ മൊത്തം ഉല്പാദനത്തിന്റെ 25 ശതമാനവും നമ്മുടെ സംസ്ഥാനത്താണ്. മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ കണക്കാക്കിയാൽ കുറഞ്ഞ നിക്ഷേപം കൊണ്ട് വളരെ കൂടുതൽ ആളുകൾക്ക് ജോലി പ്രദാനം ചെയ്യുന്ന മേഖലയാണ് പ്ലാന്റേഷൻ രംഗം. കേരളത്തിൽ മാത്രം മൂന്നു ലക്ഷത്തോളം തൊഴിലാളികൾ പ്ലാന്റേഷൻ മേഖലയെ ആശ്രയിച്ച് ജീവിക്കുന്നു. പ്ലാന്റേഷൻ വ്യവസായം നേരിടുന്ന ചെറുതും വലുതുമായ ഏതൊരു പ്രതിസന്ധിയും തരണം ചെയ്യാൻ കഴിഞ്ഞില്ലെങ്കിൽ വമ്പിച്ച തോതിലുള്ള തൊഴിൽ നഷ്ടവും സാമ്പത്തിക തകർച്ചയും നമ്മുടെമേൽ അടിച്ചേൽപ്പിക്കപ്പെടും. തൊഴിലാളികളുടെയും മാനേജ്മെന്റിന്റേയും കൂട്ടായ സഹകരണം നിമിത്തം കേരളത്തിലെ തോട്ടങ്ങളിൽ ഉല്പാദനക്ഷമതയിൽ കാര്യമായ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. ഉല്പാദനത്തിലും ഉല്പാദനക്ഷമതയിലും ഉണ്ടായ പുത്തൻ വർദ്ധനവിന്റെ നേട്ടം തൊഴിലാളികളുമായി പങ്കുവയ്ക്കുന്ന കാര്യത്തിൽ പലപ്പോഴും ഉടമകൾ മടിക്കുന്ന അനുഭവമാണ് കാണുന്നത്. ബംഗാൾ, ആസ്സാം, ശ്രീലങ്ക, ബംഗ്ലാദേശ് തുടങ്ങിയ തേയില തോട്ടങ്ങളിലെ തൊഴിലാളികളുടെ ഉല്പാദനക്ഷമതയെ അപേക്ഷിച്ച് വളരെ കൂടുതലാണ് നമ്മുടേത്. റബ്ബറിന്റേയും തേയിലയുടേയും ഉല്പാദനത്തിന്റെ കാര്യത്തിൽ നമ്മൾ വളരെ മുന്നിലാണ്. ഈ പശ്ചാത്തലത്തിൽ തോട്ടം വ്യവസായത്തിൽ വരുത്തിവച്ച പ്രതിസന്ധിയുടെ ഉത്തരവാദിത്വം തൊഴിലാളികൾക്കല്ലെന്ന് വ്യക്തമാണ്. നേരെമറിച്ച് കേന്ദ്രഭരണവും പുത്തൻ സാമ്പത്തികനയവും സ്വകാര്യവൽക്കരണവും ആഗോളവൽക്കരണവും ആണ് ഇതിനുകാരണം. അസംസ്കൃത റബ്ബറും റബ്ബർ ഉല്പന്നങ്ങളും തേയിലയും മറ്റു രാജ്യങ്ങളിൽനിന്ന് ഇറക്കുമതി ചെയ്യുന്ന നയമാണ് നമ്മുടെ തോട്ടം

LIBRARY ARCHIVES Kerala Legislative Assembly

മേഖലയ്ക്കുണ്ടായ തകർച്ചയ്ക്ക് മൂലകാരണം. ആവശ്യത്തിലധികം റബ്ബറും തേയിലയും നമ്മുടെ രാജ്യത്ത് ഉല്പാദിപ്പിക്കുന്നുണ്ട്. വിദേശരാജ്യങ്ങളിലേക്ക് റബ്ബറും തേയിലയും ഏലവും കാപ്പിയും മറ്റുനാണ്യവിളകളും കയറ്റിയയച്ച് കൊണ്ടിരിക്കുന്ന പശ്ചാത്തലത്തിൽ നമ്മുടെ രാജ്യത്തേക്ക് ഗാട്ട് കരാറിന്റെയും ലോകവ്യാപാര ഉടമ്പടിയുടെയും വെളിച്ചത്തിൽ തേയിലയും മറ്റ് കാർഷികോല്പന്നങ്ങളും ഇറക്കുമതി ചെയ്യാൻ തുടങ്ങിയത് നമ്മുടെ കൃഷിക്കാരോട് കേന്ദ്ര സർക്കാർ ചെയ്ത കടുത്ത ദ്രോഹനടപടിയാണ്. ഇതിനെതിരായി ഡിസംബർ 11-ന് തെക്കേ ഇന്ത്യയിലെ 10 ലക്ഷത്തോളം തോട്ടം തൊഴിലാളികളും ജീവനക്കാരും ഒന്നിച്ച് അണിനിരന്ന് പണിമുടക്കിയത് ശ്രദ്ധേയമായിരുന്നു. ഈ രംഗത്തുള്ള ലക്ഷക്കണക്കിന് തൊഴിലാളികളെ സംരക്ഷിക്കുന്ന ഉത്തരവാദിത്വത്തിൽനിന്നും ആർക്കും ഒഴിഞ്ഞുമാറാൻ കഴിയുകയില്ല. എല്ലാ കാർഷിക ഉല്പന്നങ്ങളുടെയും ഇറക്കുമതി സമ്പൂർണ്ണമായി നിരോധിക്കണമെന്ന് നാം ശക്തമായി ആവശ്യപ്പെടുമ്പോൾ 2001 ഏപ്രിൽ മുതൽ നമ്മുടെ കമ്പോളം ബഹുരാഷ്ട്രകുത്തകകളടക്കമുള്ളവർക്ക് മലർക്കെ തുറന്നിടുവാൻ ലോകവ്യാപാര ഉടമ്പടിയിൽ വ്യവസ്ഥ ചെയ്തിരിക്കുന്നത് പ്രശ്നം കൂടുതൽ മൂർച്ഛിപ്പിക്കുകയാണ്. വ്യവസായവും തൊഴിലും സമ്പൂർണ്ണമായും നശിക്കുന്ന സ്ഥിതിവിശേഷമുണ്ടാവുകയാണ്. കേരളത്തേയും പ്ലാന്റേഷൻ വ്യവസായത്തേയും തൊഴിലാളികളേയും ചെറുകിട കൃഷിക്കാരേയും സംരക്ഷിക്കുവാനുള്ള അർത്ഥവത്തായ ഏതു സമരങ്ങൾക്കും കേരളീയർ ഒറ്റക്കെട്ടായി രംഗത്തിറങ്ങണം. തേയില, റബ്ബർ, കാപ്പി, ഏലം എന്നിവയുടെ ഇറക്കുമതി ഉപേക്ഷിക്കുവാനോ, ഇറക്കുമതിച്ചുങ്കം വർദ്ധിപ്പിച്ചുകൊണ്ട് വ്യവസായത്തെ സംരക്ഷിക്കുവാനോ, തയ്യാറാകാത്ത കേന്ദ്ര സർക്കാരിന്റെ നയത്തെ ചെറുത്ത് പരാജയപ്പെടുത്തിയില്ലെങ്കിൽ സംസ്ഥാനത്തുണ്ടാകുന്ന തകർച്ച അതീവഗുരുതരമായിരിക്കും. കേന്ദ്രസർക്കാർ തേയിലയ്ക്ക് സമീപകാലത്ത് കൊണ്ടുവന്ന എക്സൈസ് ഡ്യൂട്ടി ഇതുവരെ പിൻവലിച്ചിട്ടില്ല. ഇറക്കുമതി ചുങ്കം വർദ്ധിപ്പിച്ചുകൊണ്ട് നമ്മുടെ പ്ലാന്റേഷൻ വ്യവസായത്തെ സംരക്ഷിക്കാൻ കേന്ദ്രത്തിൽ ശക്തമായി സമ്മർദ്ദം ചെലുത്തണം. കടുത്ത പരീക്ഷണങ്ങളിൽ നാം കടന്നുപോകുന്ന ഈ കാലഘട്ടത്തിൽ തോട്ടമുടമകളാകട്ടെ തൊഴിലാളിവർഗ്ഗം നിരവധി പോരാട്ടങ്ങളിലൂടെ നേടിയെടുത്ത അവകാശങ്ങളിൽ കൈവയ്ക്കാൻ ശ്രമിക്കുകയാണ്. ചീന്തലാർ തോട്ടങ്ങളിലെ സ്ഥിതി ഇതിന്റെ ഏറ്റവും നല്ല ഉദാഹരണമാണ്. കഴിഞ്ഞ ഏഴു മാസമായി ശമ്പളം നൽകുന്നില്ല. ശുദ്ധജലവിതരണം നടക്കുന്നില്ല. വൈദ്യുതി കണക്ഷൻ വിച്ഛേദിച്ചു. വെള്ളമോ മരുന്നോ നൽകുന്നില്ല. വീടുകളുടെ അറ്റകുറ്റപ്പണികൾ നടക്കുന്നില്ല. പ്രമുഖ പ്ലാന്റേഷൻ ഉടമകളായ ടാറ്റാ ടീ കമ്പനി ആർ.ബി.റ്റി. കമ്പനി, തലയർ ടീ കമ്പനി, ഹോപ്പ് പ്ലാന്റേഷൻ തുടങ്ങിയ കമ്പനികളിലേയും സ്ഥിതി ഗുരുതരമാണ്. ശമ്പളം കൃത്യമായി നൽകുന്നില്ല. പ്രസവകാലവേതനം കൃത്യമായി വിതരണം ചെയ്യുന്നില്ല. ബോണസ്, പി.എഫ്. എൽ.ഐ.സി. പ്രീമിയം തുടങ്ങിയ ഇനത്തിൽ ഉടമകൾ ലക്ഷക്കണക്കിന് രൂപ കുടിശ്ശിക വരുത്തിയിരിക്കുന്നു. പി.എൽ.സി. കരാർ വ്യവസ്ഥ ലംഘിക്കപ്പെടുന്നു. ടി.ആർ. ആന്റ് ടി. കമ്പനിയിൽ ജോലി വെട്ടിക്കുറച്ചു. തൊഴിലാളികളുടെ ആനുകൂല്യങ്ങൾ നിരന്തരമായി

LIBRARY ARCHIVES Kerala Legislative Assembly

വെട്ടിക്കുറയ്ക്കുന്നു. ടാറ്റാ ടീ കമ്പനി, ആർ.ബി.റ്റി കമ്പനി, ചീന്തലാർ തോട്ടം ഉടമ തുടങ്ങിയവർ നിരന്തരമായി എഗ്രിമെന്റുകൾ ലംഘിക്കുന്നു. വർദ്ധിപ്പിച്ച ക്ഷാമബത്ത മരവിപ്പിക്കുന്നതിനുള്ള നീക്കവും നടക്കുന്നു. 'തോട്ടവ്യവസായത്തെ രക്ഷിക്കൂ, തൊഴിലാളികളെ സംരക്ഷിക്കൂ' എന്ന ആവശ്യവുമുയർത്തിപ്പിടിച്ച് കൊണ്ട് വ്യവസായത്തെ തകർക്കുന്ന കേന്ദ്രനയത്തിനെതിരായി തൊഴിലാളികളെ സംരക്ഷിക്കണമെന്ന ആവശ്യമുയർത്തിക്കൊണ്ട് ഈ മേഖലയിൽ വളർന്നുവരുന്ന സമരം ഇന്ന് ശക്തമാണ്. തോട്ടംതൊഴിലാളികളുടെ പ്രിയങ്കരനായ നേതാവ് ശ്രീ. സി. എ. കുര്യന്റെ (നമ്മുടെ ഡെപ്യൂട്ടി സ്പീക്കറുടെ) നേതൃത്വത്തിൽ സംസ്ഥാനത്തുടനീളം നടത്തിയ പ്രക്ഷോഭപ്രചരണജാഥയ്ക്ക് തോട്ടം മേഖലയിലുണ്ടായ സ്വീകരണം ഇതാണ് ചൂണ്ടിക്കാണിക്കുന്നത്. കേന്ദ്രഗവൺമെന്റിനു മുമ്പിൽ സംസ്ഥാന ഗവൺമെന്റ് ശക്തമായി ഉന്നയിക്കേണ്ട ചില കാര്യങ്ങൾക്കൂടി ചൂണ്ടിക്കാണിക്കട്ടെ.

തേയില

(1) ഇറക്കുമതി നിരോധിക്കുക, അല്ലെങ്കിൽ പരമാവധി ഇറക്കുമതി ചുങ്കം ഏർപ്പെടുത്തുക.

(2) ശ്രീലങ്കയിൽ ഇപ്പോൾ തേയിലയ്ക്ക് കിലോഗ്രാമിന് 110 രൂപ വിലയുണ്ട്. എന്നാൽ ഇന്ത്യൻ കമ്പനികൾ ശ്രീലങ്കയിൽനിന്ന് വേസ്റ്റ് തേയില വിലകുറച്ച് ഇറക്കുമതിചെയ്ത് നമ്മുടെ തേയിലയുമായി ബ്ലന്റുചെയ്ത് വിദേശത്തേയ്ക്ക് അയയ്ക്കുന്നതുമൂലം ഇൻഡ്യൻ തേയിലയ്ക്ക് ഗുണമേന്മയില്ലാതെവരുന്നു. ലിബിയ അടക്കമുള്ള ചില രാജ്യങ്ങൾ ഇൻഡ്യൻ തേയില ഇറക്കുമതി ചെയ്യുന്നതിന് നിരോധനം ഏർപ്പെടുത്തിയിരിക്കുകയാണ്.

(3) ചെറുകിട തേയില കൃഷിക്കാർക്ക് ഒരു കിലോഗ്രാം തേയിലയ്ക്ക് ടീ ബോർഡ് 5 രൂപ കേന്ദ്ര ഗവൺമെന്റ് സബ്സിഡി നൽകിയിരുന്നു. 2000 ഡിസംബർ 1 മുതൽ അത് നിർത്തലാക്കി. ഈ സബ്സിഡി തുടർന്നുനൽകുന്നതിന് കേന്ദ്രത്തോട് നമ്മുടെ ഗവൺമെന്റ് ആവശ്യപ്പെടണം.

റബ്ബർ

കേരളനിയമസഭ പാസ്സാക്കിയ പ്രമേയത്തിൽ ഒരു കിലോഗ്രാം റബ്ബറിന് കുറഞ്ഞത് 55 രൂപ കൊടുക്കുവാൻ നാം കേന്ദ്രത്തോട് ആവശ്യപ്പെട്ടിരിക്കുന്നു. കേരള ഹൈക്കോടതിതന്നെ റബ്ബർ ആക്ട് അനുസരിച്ച് കുറഞ്ഞവില നിശ്ചയിക്കുവാൻ കേന്ദ്രത്തോട് നിർദ്ദേശിക്കുകയും പ്രസ്തുത നിർദ്ദേശത്തിനെതിരായി കേന്ദ്രഗവൺമെന്റിൽ കൊടുത്ത അപ്പീൽ തള്ളിയ പശ്ചാത്തലത്തിൽ റബ്ബറിന് കുറഞ്ഞവില നിശ്ചയിക്കുവാൻ വൈകിക്കരുതെന്ന് കേന്ദ്രത്തോട് നാം ആവശ്യപ്പെടണം. കേരളനിയമസഭ പാസ്സാക്കിയ പ്രമേയം ഇപ്പോൾ നമുക്ക് ചൂണ്ടിക്കാണിക്കാവുന്നതാണ്. റബ്ബർ

LIBRARY ARCHIVES Kerala Legislative Assembly

കാപ്പി തുടങ്ങിയവ വിദേശത്തേയ്ക്ക് കയറ്റുമതി ചെയ്യുവാൻ കേന്ദ്രഗവൺമെന്റിനെ നിർബന്ധിക്കണം. ഇതിലുണ്ടാകുന്ന നഷ്ടം റബ്ബറിന്റെ സെസ്സിനത്തിൽ പിരിച്ച് കോടിക്കണക്കിന് രൂപയിൽനിന്ന് തട്ടിക്കഴിക്കാവുന്നതാണ്. സംസ്ഥാന ഗവൺമെന്റ് ഈ കാര്യങ്ങളിൽ മുൻതൂക്കം കൊടുത്തുകൊണ്ട് കേന്ദ്രഗവൺമെന്റിൽ ശക്തമായ സമ്മർദ്ദം ചെലുത്തണമെന്ന് അഭ്യർത്ഥിക്കുന്നു. മുഖ്യമന്ത്രി ചെയർമാനായിട്ടുള്ള കൺസൾട്ടേറ്റീവ് കമ്മിറ്റി ഉടനെതന്നെ വിളിച്ചുകൂട്ടണം. തൊഴിലാളികളുടെ നിലവിലുള്ള ആനുകൂല്യങ്ങൾ വെട്ടിച്ചുരുക്കുന്നതിനോ, നിർത്തിവയ്ക്കുന്നതിനോ ഉള്ള ഉടമകളുടെ നീക്കത്തെ ശക്തമായി ചെറുക്കണം. കേരള ഗവൺമെന്റ് അത് അംഗീകരിക്കുകയില്ലെന്ന് വ്യക്തമായി പ്രഖ്യാപിക്കണം. പീരുമേട്ടിൽ ചീന്തലാർ തോട്ടം ഉടമ ഏഴുമാസമായി തൊഴിലാളികൾക്ക് ശമ്പളം നല്കുന്നില്ല എന്ന് ഞാൻ നേരത്തെ ചൂണ്ടിക്കാണിച്ചു. ഉടമയും തോട്ടം വിട്ടുപോയി. അതുകൊണ്ട് ഈ സ്ഥിതിവിശേഷത്തിനെതിരായി ഐ.എൻ.ടി.യു.സി., സി.ഐ.ടി.യു., എ.ഐ.യു.സി., യു.റ്റി.യു.സി. തുടങ്ങിയ ട്രെയ്ഡ് യൂണിയൻ പ്രസ്ഥാനങ്ങളെല്ലാം ശക്തമായി രംഗത്തിറങ്ങിയിരിക്കുക്കണ്. ആ തൊഴിലാളികൾക്ക് സൗജന്യ റേഷൻ നൽകാനുള്ള നടപടി ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് എടുക്കണമെന്നും അഭ്യർത്ഥിക്കുന്നു. സ്ഥലം എം.എൽ.എ.യും ഡെപ്യൂട്ടി സ്പീക്കറും ഉൾപ്പെടെ ബന്ധപ്പെട്ട ജനപ്രതിനിധികളുമായി ഈ പ്രശ്നം ചർച്ച ചെയ്ത് അടിയന്തിരമായി തൊഴിലാളികളെ സംരക്ഷിക്കുന്നതിനും അവരെ നിലനിർത്തുന്നതിനുമുള്ള നിലപാട് കേരള ഗവൺമെന്റ് സ്വീകരിക്കണമെന്നുകൂടി അഭ്യർത്ഥിക്കുന്നു.

(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)

മുഖ്യമന്ത്രി (ശ്രീ. ഇ. കെ. നായനാർ) : സ്പീക്കർ സർ, കേരളത്തിന്റെ കൃഷിഭൂമിയുടെ ഏകദേശം നാലിലൊന്ന് പ്രദേശത്ത് വ്യാപിച്ചുകിടക്കുന്ന തോട്ടവിളകൾ കേരളത്തിന്റെ സമ്പദ്ഘടനയിൽ നിർണ്ണായകമായ സ്വാധീനം ചെലുത്തുന്നു. ഇന്ത്യയിൽ കൃഷി ചെയ്യുന്ന റബ്ബർ, തേയില, കാപ്പി, ഏലം എന്നിവ ഉൾപ്പെടുന്ന തോട്ടവിളകളുടെ വിസ്തൃതിയിൽ 45 ശതമാനവും കേരളത്തിലാണ്. ഇതിൽ റബ്ബറിന്റെയും ഏലത്തിന്റെയും ഉല്പാദനത്തിൽ സംസ്ഥാനം പ്രമുഖസ്ഥാനം വഹിക്കുന്നു. കേരളത്തിലെ തോട്ടം മേഖലയിലെ സ്ഥിരം തൊഴിലാളികളുടെ എണ്ണം ഏകദേശം 3.6 ലക്ഷം ആയും ഈ മേഖലയെ ആശ്രയിക്കുന്ന കർഷക കുടുംബങ്ങൾ 10.1 ലക്ഷം ആയും കണക്കാക്കപ്പെടുന്നു. കേരളത്തിലെ തോട്ടവിള മേഖലയിൽ തേയില ഒഴികെയുള്ള മറ്റ് മൂന്ന് വിളകളിലും ചെറുകിടക്കാർക്കാണ് മുൻതൂക്കം ഉള്ളത്. കേന്ദ്രഗവൺമെന്റ് 1997-ൽ പ്രഖ്യാപിച്ച കയറ്റിറക്കുമതി നയത്തിന്റെയും അതിനനുബന്ധമായി കൊണ്ടുവന്ന കാർഷിക നയങ്ങളുടെയും ഭാഗമായി 1948 ഇനങ്ങളുടെ ഇറക്കുമതി നിയന്ത്രണം എടുത്തുകളഞ്ഞിട്ടുണ്ട്. റബ്ബറൊഴികെ എല്ലാ തോട്ടവിളകളും സ്വതന്ത്രവ്യാപാര പട്ടികയിൽ വരുന്നു. ലൈസൻസിന് വിധേയമായി റബ്ബർ

LIBRARY ARCHIVES Kerala Legislative Assembly

ഇറക്കുമതി ചെയ്യാം എന്നുള്ളതുകൊണ്ട് റബ്ബർ വ്യവസായികൾക്ക് യഥേഷ്ടം റബ്ബർ ഇറക്കുമതിക്ക് അവസരം ലഭിക്കുന്നു. ഇത് റബ്ബർ വിലയെ പ്രതികൂലമായി ബാധിക്കുന്നു. സ്വതന്ത്രവ്യാപാര കരാറിന്റെ ഭാഗമായി ആദ്യം വിലതകർച്ച സംഭവിച്ചത് റബ്ബറിനാണ്. റബ്ബറിന്റെ ഉല്പാദനത്തിൽ ഏതാണ്ട് സ്വയംപര്യാപ്തത കൈവരിക്കുവാൻ കഴിഞ്ഞ സാഹചര്യത്തിൽ റബ്ബറിന്റെ ഇറക്കുമതിയിൽ നിയന്ത്രണം ആവശ്യമാണ്. ശ്രീലങ്കയും ഭാരതവും തമ്മിലുള്ള സ്വതന്ത്ര വ്യാപാര കരാറും ഒരു പരിധിവരെ വിലത്തകർച്ചയ്ക്ക് വഴിതെളിച്ചിട്ടുണ്ട്. സമാനമായ കാർഷിക ശീതോഷ്ണ സ്ഥിതികളുള്ള പ്രദേശങ്ങൾ എന്ന നിലയിൽ കേരളത്തിലെയും ശ്രീലങ്കയിലെയും കാർഷിക ഉല്പന്നങ്ങൾ ഏറെക്കുറെ ഒരേ വിഭാഗത്തിൽപ്പെടുന്നു. അതുകൊണ്ട് തന്നെ ഇന്ത്യാഗവൺമെന്റ് സമ്മതിച്ചിട്ടുള്ള അളവിൽ ശ്രീലങ്കയിൽ നിന്ന് ഇറക്കുമതി നടത്തണമെങ്കിൽ തേയില, നാളികേരം തുടങ്ങിയ കേരളത്തിനെ ബാധിക്കുന്ന ഉല്പന്നങ്ങൾ ഉൾപ്പെടുത്തേണ്ടിവരും. റബ്ബറിന് ഏറ്റവും കൂടുതൽ

10 A.M.] വിലത്തകർച്ച സംഭവിച്ചത് 1999-ലാണ്. 1999 ഫെബ്രുവരിയിൽ കിലോയ്ക്ക് 26 രൂപയായി വില കുറഞ്ഞു. കഴിഞ്ഞ രണ്ട് കൊല്ലത്തിനിടയ്ക്ക് ഒരിക്കൽപ്പോലും റബ്ബറിന്റെ ആഭ്യന്തരവില കേന്ദ്രഗവൺമെന്റ് പ്രഖ്യാപിച്ചിട്ടുള്ള ഏറ്റവും കുറഞ്ഞ വിലയായ കിലോയ്ക്ക് 34.05 രൂപ എന്ന നിരക്ക് കടന്നുപോയിട്ടില്ല. കേരള ഗവൺമെന്റ് റബ്കോ മുഖേന നടത്തിയ കൂടിയ വിലയ്ക്കുള്ള സംഭരണവും കയറ്റുമതിക്ക് നൽകിയ അനുമതിയും കേന്ദ്രഗവൺമെന്റ് എസ്.ടി.സി. വഴി നടത്തിയ സംഭരണവുമൊന്നും വിലതകർച്ചയിൽ നിന്നും രക്ഷനേടുന്നതിന് സഹായകമായിട്ടില്ല. റബ്ബറിനുശേഷം ക്രമേണ കാപ്പി, തേയില എന്നിവയുടെ വിലയും തകർച്ച നേരിടുന്നു. 1999 മുതൽ തേയിലയുടെയും കാപ്പിയുടെയും വില കുറഞ്ഞു തുടങ്ങി. ദക്ഷിണേന്ത്യൻ തേയിലയുടെ ശരാശരി വില 2000 മേയ് മാസത്തിൽ ഏറ്റവും കുറഞ്ഞ വിലയായ 44 രൂപയിൽ (കിലോ ഒന്നിന്) എത്തി 2000 ജനുവരി മുതൽ മേയ് മാസംവരെയുള്ള കാപ്പിയുടെ ശരാശരി വില 42 രൂപയാണ്. കാപ്പി, തേയില എന്നിവയുടെ വില ശരാശരിയെ ആശ്രയിച്ച് നിൽക്കുന്നു. എൺപതുകളിൽ ഏകദേശം 3000 ടൺ കയറ്റുമതി ചെയ്തിരുന്ന ഏലം തൊണ്ണൂറുകളുടെ അവസാനം വരെ 300 മുതൽ 500 ടൺ വരെയായി താഴ്ന്നു. ഉല്പാദനത്തിൽ വർദ്ധനവ് രേഖപ്പെടുത്തിയെങ്കിലും കയറ്റുമതിയിൽ വർദ്ധനവ് രേഖപ്പെടുത്താതെ തന്നെ ആഭ്യന്തര ഉപഭോഗത്തെ ആശ്രയിച്ച് കൊണ്ട് വില ഏറെക്കുറെ സ്ഥായിയായി നിലനിൽക്കുന്നു. കേരളത്തിലെ പ്ലാന്റേഷൻ മേഖലയുടെ മൊത്തത്തിലുള്ള അവലോകനം ഇനി പറയുന്ന കാര്യങ്ങൾ വെളിവാക്കുന്നു.

(1) ഇന്ത്യയിൽ പ്ലാന്റേഷൻ വിഭാഗത്തിൽപ്പെടുന്ന നാല് വിളകളും ഗണ്യമായ തോതിൽ കൃഷി ചെയ്തുവരുന്ന സംസ്ഥാനം കേരളം മാത്രമാണ്. ദേശീയ തലത്തിലെ ഈ വിളകളുടെ വിസ്തൃതിയുടെ 45 ശതമാനവും കേരളത്തിലാണ്. സംസ്ഥാനത്തെ 28 ശതമാനം കൃഷി ഭൂമിയിൽ വ്യാപിച്ചുകിടക്കുന്ന തോട്ടവിളകൾ ഏകദേശം 14 ലക്ഷം ചെറുകിട കർഷകർക്കും തോട്ടം തൊഴിലാളികൾക്കും ഉപജീവനം നൽകുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(2) കഴിഞ്ഞ കാലങ്ങളിൽ ഏറെക്കുറെ സചേതനമായി നിലനിന്ന് പോന്ന ഈ മേഖല ആഗോളവൽക്കരണത്തിന്റെയും ഉദാരവൽക്കരണത്തിന്റെയും ഭാഗമായി കേന്ദ്രഗവൺമെന്റ് കൊണ്ടുവന്ന പുതിയ ഇറക്കുമതി നയത്തിന്റെ ഫലമായി വമ്പിച്ച വില തകർച്ചയെ നേരിടുകയാണ്. റബ്ബറിന്റെ വിലയെയാണ് ഏറ്റവും രൂക്ഷമായി ബാധിച്ചിട്ടുള്ളത്. 1996-ൽ കിലോയ്ക്ക് 51 രൂപയായിരുന്ന റബ്ബർ 1999-ൽ 30 രൂപയായും 2000-ൽ ഏറ്റവും കുറഞ്ഞ വിലയായ 25 രൂപയായും തകർന്നു പോയിരിക്കുന്നു. കേന്ദ്രഗവൺമെന്റ് 1998-ൽ പ്രഖ്യാപിച്ച കിലോഗ്രാമിന് 34.05 രൂപ എന്ന ബെഞ്ച്മാർക്ക് വില നിലവിലുണ്ടായിട്ടും സംസ്ഥാന ഗവൺമെന്റുകൾ മുന്തിയ വിലയ്ക്ക് സംഭരണത്തിനുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടും വിലനിലവാരം ഉയർത്തുന്നതിന് കഴിഞ്ഞിട്ടില്ല. 1999-ലെ വിപണി നിലവാരം സൂചിപ്പിക്കുന്നത് തേയില, കാപ്പി എന്നീ ഉല്പന്നങ്ങളെയും വില തകർച്ച ബാധിച്ചിട്ടുണ്ടെന്നാണ്.

(3) 1997, 1998, 1999 വർഷങ്ങളിൽ പ്രഖ്യാപിച്ച ഇറക്കുമതി നയങ്ങൾ വഴി സ്വതന്ത്ര ഇറക്കുമതി അനുവദിച്ചത് മൂലമാണ് ഈ ദുഃസ്ഥിതി ഉണ്ടായത്. തേയിലയും കാപ്പിയും സ്വതന്ത്ര ഇറക്കുമതി പട്ടികയിലാണ് ഉൾക്കൊള്ളിച്ചിട്ടുള്ളത്. റബ്ബർ ലൈസൻസ് പ്രകാരം ഇറക്കാവുന്ന പട്ടികയിലും റബ്ബർ അധിഷ്ഠിത ഉല്പന്നങ്ങൾ സ്വതന്ത്ര വ്യാപാര പട്ടികയിലുമാണ്.

(4) ഡബ്ല്യൂ.റ്റി.ഒ. വിഭാവന ചെയ്യുന്ന രീതിയിലുള്ള പരമാവധി ഇറക്കുമതി ചുങ്കം ഏർപ്പെടുത്തുക എന്നത് ഇന്നത്തെ അവസ്ഥയ്ക്ക് മാറ്റമുണ്ടാക്കുന്നതിന് ഏറെക്കുറെ സഹായിക്കും. തേയില, കാപ്പി എന്നിവ കാർഷിക വിളകളുടെ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ളതുകൊണ്ട് 150 ശതമാനംവരെ ഡ്യൂട്ടി ചുമത്താനാകും. റബ്ബർ വ്യാവസായിക ഉല്പന്നമായി തരംതിരിക്കപ്പെട്ടിട്ടുള്ള സാഹചര്യത്തിൽ 25 ശതമാനം വരെ മാത്രമേ ഡ്യൂട്ടി ഏർപ്പെടുത്താൻ കഴിയും. റബ്ബറിന്റെ കാർഷിക ഉല്പന്നമായി മാറ്റികിട്ടുന്നതിനും കേന്ദ്ര ഗവൺമെന്റിന്റെ ഭാഗത്ത് നിന്ന് നീക്കങ്ങൾ ഉണ്ടാകേണ്ടിയിരിക്കുന്നു. ഇന്ത്യയുടെ പ്ലാന്റേഷൻ വ്യവസായം വമ്പിച്ച തകർച്ചയെ നേരിട്ട് കൊണ്ടിരിക്കുകയാണ്. വില തകർച്ചയുടെ ഫലമായി തൊഴിലാളികൾക്ക് ജോലി സ്ഥിരതയും അർഹമായ മറ്റ് ആനുകൂല്യങ്ങളും നിഷേധിക്കപ്പെടുന്നു. കേന്ദ്ര ഗവൺമെന്റ് തൊഴിൽ നിയമങ്ങൾ ഭേദഗതി ചെയ്യുവാൻ രവീന്ദ്രവർമ്മ

LIBRARY ARCHIVES Kerala Legislative Assembly

ചെയർമാനായി കമ്മീഷനെ നിയമിക്കുകയും മേൽനടപടികൾ സ്വീകരിച്ചുവരികയാണ്. ഈ കമ്മീഷനിൽ അംഗീകൃത തൊഴിലാളി സംഘടനകളുടെ പ്രതിനിധികളെ ഉൾപ്പെടുത്താതിരുന്നത് വ്യാപകമായ പ്രതിഷേധത്തിന് ഇടവരുത്തിയിട്ടുണ്ട്. കേന്ദ്രഗവൺമെന്റിന്റെ ഇത്തരം ജനവിരുദ്ധ നടപടികൾക്ക് എതിരായി ജനങ്ങളുടെ ശക്തിയായ പ്രതിഷേധം ഉയർന്ന് വരേണ്ടതുണ്ട്.

മി. സ്പീക്കർ : ശ്രീ. കെ. പി. രാജേന്ദ്രൻ.....

ശ്രീ. കെ. പി. രാജേന്ദ്രൻ : സർ, നിയമസഭയിൽ മുമ്പ് പാസ്സാക്കിയ പ്രമേയത്തെക്കുറിച്ച് ഞാൻ പറഞ്ഞു. ഹൈക്കോടതി റബ്ബർ ആക്ട് അനുസരിച്ച് കുറഞ്ഞ വില നിശ്ചയിക്കുവാൻ കേന്ദ്രത്തോട് ആവശ്യപ്പെട്ടു. അതിന് എതിരായിട്ടാണ് കേന്ദ്ര ഗവൺമെന്റ് സുപ്രീംകോടതിയിൽ അപ്പീലിന് പോയത്. ആ അപ്പീൽ തള്ളിയ സാഹചര്യത്തിൽ റബ്ബറിന്റെ കുറഞ്ഞ വില നിശ്ചയിക്കുവാൻ വൈകരുത് എന്നുള്ള ശക്തമായ ആവശ്യം കേന്ദ്ര ഗവൺമെന്റിനെ അറിയിക്കാനുള്ള തീരുമാനം കൈക്കൊള്ളുവാൻ സമ്മർദ്ദം ചെലുത്തുമോ?

ശ്രീ. ഇ. കെ. നായനാർ : അക്കാര്യം ആലോചിക്കാവുന്നതാണ്. സമ്മർദ്ദം ചെലുത്താം.

മി. സ്പീക്കർ : റൂൾ 304.....ശ്രീ. പി. വിശ്വൻ.....

V സബ്മിഷൻ

(1) ചേമഞ്ചേരി ദാമോദരൻ നായരേയും അനുജനേയും കൊലചെയ്ത സംഭവം

ശ്രീ. പി. വിശ്വൻ : സർ, ഈ സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരാൻ ശ്രമിക്കുന്നത് എന്റെ ഗ്രാമത്തിൽ ജനുവരി മാസം 18-ാം തീയതി രാത്രി 7.30-ന് അജ്ഞാതരായ ഒരുകൂട്ടം കൊലയാളികൾ ചേമഞ്ചേരി പഞ്ചായത്തിലെ കുന്നുമ്മൽ വീട്ടിൽ ദാമോദരൻ നായരെയും അനുജനെയും ക്രൂരമായി വെട്ടിക്കൊലപ്പെടുത്തിയ സംഭവമാണ്. പി.ഡബ്ല്യു.ഡി.യിൽ നിന്നും റിട്ടയർ ചെയ്ത ഒരു ഉയർന്ന ഉദ്യോഗസ്ഥനാണ് ദാമോദരൻ നായർ. അനുജൻ മലപ്പുറത്തെ ഒരു സ്വകാര്യ ആശുപത്രിയിലെ ജീവനക്കാരനായിരുന്നു. ഇവർക്ക് എതിരെ നാട്ടിൽ ശത്രുക്കളാരും ഇല്ല എന്നത് വസ്തുതയാണ്. ഇത് ആ നാട്ടിലെ മുഴുവൻ ജനങ്ങളെയും വേദനിപ്പിച്ചതും നടുക്കിയതുമായ ഒരു സംഭവമാണ്. സന്ധ്യയ്ക്കുശേഷം 7.30-ന് കൊലപാതകികൾ ഏട്ടനെയും അനുജനെയും ക്രൂരമായി വെട്ടി കൊലപ്പെടുത്തുകയാണ് ചെയ്തത്. എന്നാൽ ഈ കൊലയാളികളെ ഇതേവരെ കണ്ടുപിടിക്കുവാൻ കഴിഞ്ഞിട്ടില്ല. പോലീസിന്റെ

LIBRARY ARCHIVES Kerala Legislative Assembly